അതായത് ആദ്യകാലശിശു വിദ്യാഭ്യാസത്തിന്റെ പേരിൽ ബിൽ കൊണ്ടുവന്നു. കുട്ടികൾക്ക് ആയാസരഹിതമായ പഠനം വേണമെന്ന് പറഞ്ഞു. ആ സാഹചര്യത്തിൽ ഇതുപോലെയുള്ള സ്വകാര്യ ഏജൻസികളുടെ പരീക്ഷകളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല. അടിയന്തിരമായി ഇത് നിറുത്തുന്നതിനും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും ആവശ്യമെങ്കിൽ ഇവർക്കെതിരെ കേസ്സ് എടുക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സംസ്ഥാന സർക്കാരിന്റെ അനുവാദവും അംഗീകാരവും ഇല്ലാതെയാണ് ഏജൻസികൾ ഇത്തരം സ്ക്രീനിംഗ് പരീക്ഷകൾ നടത്തുന്നത്. ഇത്തരം സ്കൂളുകളെ സംബന്ധിച്ച് നമുക്ക് ഇതിനു കൺട്രോൾ ഇല്ല. എന്നാലും പ്രീ-പ്രൈമറി തലത്തിലുള്ള കാര്യത്തിനു തീർച്ചയായും നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനു നിയമം പാസ്സാക്കിയാൽ ഉടൻതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃതമായി ഇതുപോലെ നടക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച് കൂടുതൽകൂടി കർശനമായ നിലപാട് സ്വീകരിക്കണം എന്നുള്ള തീരുമാനമാണുള്ളത്.

(10) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ രക്ഷിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, വനഭൂമികളുടെ സമീപത്തു താമസിക്കുന്ന കേരളത്തിലെ കൃഷിയിടങ്ങളിലേയും മനുഷ്യരുടേയും സ്ഥിതി പരിതാപകരമാണ്. കാട്ടാന, കാട്ടുപന്നി എന്നീ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇവ നാട്ടിൽ ഇറങ്ങി വ്യാപകമായി ആക്രമണങ്ങൾ നടത്തിവരികയാണ്. എന്റെ മണ്ഡലത്തിൽമാത്രം ഇരുപതിനായിരത്തോളം ഏക്കറിലെ കൃഷി നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നൂറിലധികം മനുഷ്യർക്ക് ആക്രമണത്തിൽ പരിക്കേറ്റു. കേരളത്തിലാകെ ഉദ്ദേശ്യം രണ്ടുലക്ഷം ഏക്കറിലധികം ഭൂമിയിലെ കൃഷികൾ ഇതുമൂലം നിർത്തിവച്ചിരിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന വനം വകുപ്പിന് പതിനായിരക്കണക്കിന് കൃഷിക്കാരുടെ ശാപം ഏൽക്കാതെ നോക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ഈ സഭയിൽ ഈ വിഷയം ഉന്നയിച്ചതിനെത്തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത് തെളിവെടുപ്പ് നടത്തി. ചെറിയ വോൾട്ടേജിൽ പ്രവഹിപ്പിക്കുന്ന വൈദ്യുതി കമ്പി അതിർത്തികളിൽ സ്ഥാപിക്കാൻ ധാരണയായി. കേന്ദ്രത്തിൽനിന്നും 548 ലക്ഷത്തിലധികം രൂപ കഴിഞ്ഞ വർഷം ലഭിച്ചിട്ടും ഇതിനൊരുപൈസ പോലും മാറ്റിവച്ചിട്ടില്ല. ഇനിയെങ്കിലും ഇത് സ്ഥാപിക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, മലയോര പ്രദേശങ്ങളിൽ വനത്തിനോട് ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിൽ കാട്ടുപന്നികളും കാട്ടാനകളും കൃഷി നശിപ്പിക്കുന്നതായ നിരവധി പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിനാശവും ആൾനാശവും വരുത്തുന്ന ഈ വന്യജീവികളെ കൃഷിയിടങ്ങളിലേയ്ക്ക് കടക്കാൻ അനുവദിക്കാതെ കാട്ടിൽ തന്നെ തടഞ്ഞുനിർത്തുക എന്നതാണ് ഈ നഷ്ടം ഒഴിവാക്കാനുള്ള ഏക പോംവഴി. വന്യജീവികളെ, പ്രത്യേകിച്ച് കാട്ടാ

LIBRARY ARCHIVES Kerala Legislative Assembly

നകളെ വനാതിർത്തിയിൽ തന്നെ തടഞ്ഞുനിർത്തുന്നതിനുതകുന്ന വിധത്തിൽ വന പ്രദേശങ്ങളിൽ കിടങ്ങുകൾ, വൈദ്യുത കമ്പികൾ, വേലികൾ, മതിലുകൾ, കയ്യാലകൾ മുതലായവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ 211 കിലോമീറ്റർ നീളത്തിൽ വൈദ്യുത കമ്പി വേലിയും 126.59 കിലോമീറ്റർ നീളത്തിൽ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ ആക്രമങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശം, ആൾനാശം മുതലായവയ്ക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. നഷ്ടപരിഹാരമായി കഴിഞ്ഞ 4 വർഷമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു. 1995-96, 356 കേസ്സുകൾ, 11.1 ലക്ഷം രൂപ. 1996-97, 416 കേസ്സുകൾ, 7.18 ലക്ഷം രൂപ. 1997-98, 171 കേസ്സുകൾ, 55.26 ലക്ഷം രൂപ, 1998-99, 571 കേസ്സുകൾ, 552 ലക്ഷം രൂപ. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷികവിള നശിപ്പിക്കുന്നതിനെ സംബന്ധിച്ച് റാന്നി വനം വകുപ്പുദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കമ്പിവേലി കെട്ടേണ്ട സ്ഥലങ്ങൾ നിർണ്ണയിക്കുകയും അവ കെട്ടുന്നതിനുള്ള നടപടികൾ എടുത്തുവരികയുമാണ്. അപ്രകാരം റാന്നി ഡിവിഷനിൽ റാന്നി റെയ്ഞ്ചിൽപ്പെട്ട നടുത്തോട് ഭാഗത്ത് 0.5 കിലോമീറ്റർ നീളത്തിലും കുസുമം, നെല്ലിമല ഭാഗത്ത് 2.2 കിലോമീറ്റർ നീളത്തിലും മുള്ളുവേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ റാന്നി ഡിവിഷനിൽ 4.5 കിലോമീറ്റർ നീളത്തിൽ വൈദ്യുത കമ്പിവേലിയും നിർമ്മിച്ചിട്ടുണ്ട്. വന്യജീവികളിൽനിന്നും കർഷകർക്ക് ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കൂടുതൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വനത്തോടു ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിലെല്ലാം ഈ പ്രശ്നം നിലവിലുള്ളതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രശ്നത്തിന്റെ പ്രദേശിക രൂക്ഷതയനുസരിച്ചും നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും.

(11) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ബസ് സ്റ്റേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർകോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കാസർഗോട് ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ അടുത്തകാലത്താണ് ഒരു ജില്ലാ സ്റ്റേഷനായി ഉയർത്തിയത്. പുതിയ യാതൊരു വികസന പദ്ധതിയും ഇന്നുവരെ അവിടെ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. 3 വർഷം മുൻപ് കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചുവെങ്കിലും ഇന്നുവരെ അതിന്റെ പണി ആരംഭിച്ചിട്ടില്ല. വളരെയേറെ വരുമാനമാർഗ്ഗം കണ്ടെത്താനുള്ള ഏറ്റവും നല്ലൊരു സെന്ററാണത്. ആ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എത്രയും വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ കേരള-കർണ്ണാടക ഗവൺമെന്റുകൾ തമ്മിൽ ചർച്ച നടത്തി ഒട്ടേറെ ബസ്സ് റൂട്ടുകൾ ആരംഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടുപോലും പുതിയ ബസ്സ്റൂട്ടുകൾ ആരംഭിക്കാതെ കിടക്കുകയാണ്. അടിയന്തിരമായും ഇരു ഗവൺമെന്റുകളും തമ്മിൽ അന്തർ സംസ്ഥാന ബസ്സ് റൂട്ട് നിശ്ചയിച്ച് ആ റൂട്ടുകളിൽ അടിയന്തിരമായി ബസ്സുകൾ ഓടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനും വാണിജ്യ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly